മറുവായന ▸ **ലുഖ്മാൻ കരുവാരക്കുണ്ട്**

# വഹാബിസം: അറേബ്യയിലും അഫ്ഗാനിലും

അബ്ദുല്ലാ അസാം എന്ന പാക് വഹാബിയാണ് അഫ്ഗാനിലെ വഹാബീ നുഴഞ്ഞുകയറ്റത്തിന് നേതൃത്വം നൽകിയത്. പാക്കിസ്ഥാനിൽ ജനിച്ച ഇയാൾ ഈജിപ്തിൽ സയ്യിദ് ഖുതുബിന്റെ ശിഷ്യനായിരുന്നു ആദ്യം. പിന്നീട് സഊദിയിൽ ചെന്ന് വഹാബി തീസീസുകൾ സ്വായത്തമാക്കി. തന്ത്രപരമായിരുന്നു അഫ്ഗാനിലേക്കുള്ള റിക്രൂട്ട്മെന്റ്. രക്തസാക്ഷികൾക്ക് മരണാനന്തരം ലഭിക്കുന്ന പ്രതിഫലത്തെക്കുറിച്ച് പറയുന്ന ഖുർആൻ ആയതുകൾ ഉപയോഗിച്ചായിരുന്നു ആളുകളെ ഇരകളാക്കിയത്.




**ച**രിത്രത്തെ സൂക്ഷ്മമായ അവധാനതയോടെ എഴുതിയ പുസ്തകമാണ് സ്റ്റീഫൻ സ്കാർട്സിന്റെ 'ഇസ്ലാമിന്റെ ദ്വിമുഖങ്ങൾ.' (The Two Faces of Islam) ചരിത്രം മാത്രം ആധാരമാക്കി ഒരു പ്രസ്ഥാനത്തെ വിലയിരുത്തുമ്പോൾ വായന വിരസമാകുമെന്നു മാത്രമല്ല, പലപ്പോഴും അത് പൂർണമായും വസ്തുനിഷ്ടമാകണമെന്നുമില്ല. എന്നാൽ വഹാബിസം പോലുള്ള പ്രസ്ഥാനങ്ങൾ പുതിയകാലത്ത് നിർവഹിക്കുന്ന ദൗത്യങ്ങൾ കൃത്യമായി നിരീക്ഷിച്ച് നടത്തുന്ന ചരിത്രാന്വേഷണങ്ങൾ ഫലപ്രദവും പാരായണക്ഷമവുമായിരിക്കും. ആ രീതിയിൽ വഹാബിസത്തിന്റെ ചരിത്രവും വർത്തമാനവും അഗാധമായ അന്വേഷണത്വരയോടെ വിശകലനം ചെയ്തതിനാലാണ് സ്റ്റീഫൻ സ്കാർട്സിന്റെ *'ദി ടു ഫെയ്സസ് ഓഫ് ഇസ്ലാം'* പടിഞ്ഞാറ് ഏറെ വായിച്ചത്. മൂന്നു പതിറ്റാണ്ടു കാലത്തെ പഠനങ്ങളിലൂടെ ബോധ്യപ്പെട്ട വസ്തുതകളും പത്തു വർഷം യൂറോപ്പിലെ മുസ്ലിം രാഷ്ട്രങ്ങളിലൂടെ നടത്തിയ അലച്ചിലുകളിൽ നിന്ന് കണ്ടെത്തിയ കാഴ്ചകളുമാണ് ലളിതവും മനോഹരവുമായ ഭാഷയിൽ സ്റ്റീഫൻ പകർത്തിവയ്ക്കുന്നത്.

ഗ്രന്ഥരചനക്ക് പ്രേരകമായ ഘടകങ്ങളെ സാമാന്യം ദീർഘമായ ആമുഖത്തിൽ സ്റ്റീഫൻ രേഖപ്പെടുത്തിയിട്ടുണ്ട്. അതിന്റെ സംക്ഷിപ്തം ഇങ്ങനെയാണ്: "യൂറോപ്പിലെയും അമേരിക്കയിലെയും ജനങ്ങൾ അത്യധികം ഭീതിയോടെയാണ് ഇസ്ലാമിനെ വീക്ഷിച്ചുവരുന്നത്. വിശേഷിച്ചും 9/11 ആക്രമണാനന്തരം ആ അധി ക്രമാതീതമായി വർധിച്ചിട്ടുണ്ട്. അഫ്ഗാൻ അധിനി

വേശത്തെ കുരിശുയുദ്ധ പരിവേഷം നൽകി ബുഷ് ന്യായീകരിച്ചപ്പോൾ പടിഞ്ഞാറ് അധികമൊന്നും പ്രതിഷേധം ഉയരാതിരുന്നത് അതിനാലായിരുന്നു. ഉസാമ ബിൻ ലാദന്റെ അസഹിഷ്ണുത നിറഞ്ഞ വാക്കുകളും ബഹുസ്വരതയെയും നാഗരികതയെയും ശിഥിലമാക്കുന്ന താലിബാന്റെ പ്രവർത്തനങ്ങളുമാണ് അവർ മനസ്സിലാക്കിയ ഇസ്‌ലാം. എന്നാൽ ലാദനും താലിബാനും പ്രതിനിധാനം ചെയ്യുന്ന വഹാബിസത്തെക്കുറിച്ചോ ഗതകാലത്ത് അധികാരക്കൊതി മൂത്ത് വഹാബിസം നടത്തിയ രക്തരൂക്ഷിതമായ ആക്രമങ്ങളെക്കുറിച്ചോ പടിഞ്ഞാറൻ ബുദ്ധിജീവികൾക്കൊന്നുമറിയില്ല. വസ്തുതകൾ തിരിച്ചറിഞ്ഞ മാധ്യമങ്ങളാകട്ടെ; കാര്യങ്ങൾ ശരിയാവണ്ണം ജനങ്ങളെ ബോധ്യപ്പെടുത്താൻ ശ്രമിക്കുന്നുമില്ല. അപകടകരമായ ഈ സാഹചര്യത്തിൽ വഹാബിസത്തിന്റെ ഭീകരമുഖം അനാവരണം ചെയ്യുക എന്നതാണ് ഈ ഗ്രന്ഥത്തിന്റെ പ്രഥമ ലക്ഷ്യം. മറ്റൊന്ന് ഇസ്‌ലാമിന്റെ മൗലികഭാവത്തെ പരിചയപ്പെടുത്തുകയെന്നതാണ്. തിരുനബി(സ)യിൽ നിന്നു സ്വഹാബത്ത് കണ്ടും കേട്ടും ഉൾക്കൊണ്ട ആർദ്രതയും സ്നേഹവും പ്രസരിപ്പിക്കുന്ന ദീൻ ആണത്. 1999ൽ കോസാവോയിലെ ഒരു പ്രദേശത്ത് ചെന്നപ്പോൾ കണ്ട ഹൃദയഹാരിയായ സംഭവം മാത്രം ഞാൻ ഉദാഹരിക്കുന്നു-ഇസ്‌ലാമിന്റെ മൗലികഭാവത്തെ പരിചയപ്പെടുത്താൻ. മുസ്‌ലിംകളും ക്രിസ്ത്യാനികളും ജൂതന്മാരും അധിവസിക്കുന്ന ആ പ്രദേശത്തെ മതങ്ങളുടെ സംഗമഭൂമി എന്നു വിളിക്കാം. സൂഫിസത്തെ ഇഷ്ടപ്പെടുന്ന സുന്നികളാണവിടുത്തെ മുസ്‌ലിംകൾ. അവിടെ യാതൊരു സംഘർഷങ്ങളുമുണ്ടായിരുന്നില്ല. വിവിധ മതവിശ്വാസികൾ സ്നേഹാദരവുകൾ കൈമാറി സന്തോഷത്തോടെ ജീവിക്കുന്നു. ഇസ്‌ലാം ശരിയായി സ്വാംശീകരിച്ചവർ ഇങ്ങനെയാണ്. സമാധാനത്തെ സ്നേഹിക്കുന്ന, സ്വാസ്ഥ്യം മോഹിക്കുന്ന, ആധ്യാത്മികതയെ ഇഷ്ടപ്പെടുന്ന സുമനസ്കരായിരിക്കുമവർ. ഭൂരിപക്ഷം വിശ്വാസികളും നെഞ്ചേറ്റുന്ന ഇസ്‌ലാമിന്റെ ഈ മൗലികതയെ അടുത്തറിയുമ്പോൾ പടിഞ്ഞാറിന്റെ വെറുപ്പ് ക്രമേണ തണുത്തുവരും. 'നാഗരികതയുടെ സംഘട്ടനം' എന്ന അസംബന്ധത്തെക്കുറിച്ച് അവർ തിരിച്ചറിഞ്ഞു തുടങ്ങും, അതോടെ."

**രക്തപങ്കിലമായ വഹാബി പൈതൃകം**

ഇബ്നു അബ്ദുൽവഹാബിന്റെ ജീവിതം വിശദമായി പരാമർശിക്കുന്ന Haters of Song പുസ്തകത്തിലെ ഏറ്റവും പ്രസക്തമായ അധ്യായമാണ്. സ്റ്റീഫൻ എഴുതുന്നു: "എഡി 1703ൽ നജ്ദിലാണ് ഇബ്നു വഹാബിന്റെ ജനനം. മക്കയുടെയും മദീനയുടെയും പവിത്രമായ പ്രകൃതിയോട് ഇണങ്ങുന്ന പ്രദേശമായിരുന്നില്ല ഒരു കാലത്തും നജ്ദ്. ഒരു ഹദീസിൽ റസൂൽ(സ) സാക്ഷ്യപ്പെടുത്തി, 'നജ്ദ് സംഘർഷ ഭൂമിയാണെന്നും പിശാചിന്റെ കൊമ്പുകൾ ഉയരുന്ന സ്ഥലമാണെന്നും.' നജ്ദിൽ പ്രമുഖരായ പണ്ഡിതന്മാർ ആരും പിറന്നിട്ടില്ലെന്ന് ഇസ്‌ലാമികചരിത്രം സാക്ഷ്യപ്പെടുത്തുന്നു. മറിച്ച് മുസൈലിമയെപ്പോലുള്ള വ്യാജപ്രവാചകന്മാർ ഉദയംചെയ്ത പ്രദേശമാണത്. ഇസ്‌ലാമിൽ ആദ്യമായി കുഴപ്പമുണ്ടാക്കിയ ഖവാരിജിസത്തിന്റെ പ്രധാന നേതാക്കളെല്ലാം നജ്ദ് ഗോത്രമായ ബനൂഹകീമിൽനിന്നുള്ളവരാണ്. പ്രമുഖ പണ്ഡിതനായ കരീം ഫനാരി നജ്ദ് നിവാസികൾ ആരംഭം മുതൽ ഇസ്‌ലാമിനോട് കാണിച്ച പ്രതിലോമപരതയെക്കുറിച്ച് സൂക്ഷ്മമായ പഠനങ്ങൾ നടത്തിയിട്ടുണ്ട്.

ഇബ്നു തൈമിയ്യയുടെ ചുവടുപിടിച്ച് ഇബ്നു വഹാബ് ആവിഷ്കരിച്ച മൂന്ന് സിദ്ധാന്തങ്ങളുണ്ട്; ആധ്യാത്മികതക്ക് പകരം അനുഷ്ഠാനത്തിന് പ്രാധാന്യം നൽകുക, മരണമടഞ്ഞ മഹാത്മാക്കളുടെ മഖ്ബറ സിയാറത് ചെയ്യുന്നതും അവർ മുഖേന അല്ലാഹുവിനോട് പ്രാർഥിക്കുന്നതും തടയുക, റസൂൽ(സ)യോടുള്ള സ്നേഹം വിശ്വാസികളുടെ ഹൃദയത്തിൽനിന്നു തുടച്ചുനീക്കുക. ഹജ്ജ്‌വേളയിൽ തിരുനബിയുടെ റൗള സിയാറത് ചെയ്യുന്നത് അതിന്റെ ഭാഗമായി ഇയാൾ നിഷേധിച്ചു. റസൂൽ(സ)യുടെ ജന്മദിനത്തിൽ മൗലിദ് പാരായണം-പ്രവാചക ജീവിതത്തിലെ മനോഹരമായ അധ്യായങ്ങൾ പദ്യ,ഗദ്യ രൂപത്തിൽ വ്യത്യസ്ത ഭാഷകളിലേക്ക് പകർത്തിയെഴുതിയ വരികൾ- ചെയ്യുന്നതിന് വിലക്കേർപ്പെടുത്തി. തിരുനബിയുടെ നാമം പള്ളികളിൽ രേഖപ്പെടുത്തുന്നതിനെ പോലും ഇബ്നു വഹാബ് എതിർത്തു.

ഇബ്നു അബ്ദുൽവഹാബിന്റെ പിതാവും സഹോദരൻ സുലൈമാനും പണ്ഡിതരും വിശ്വാസികളുമായിരുന്നു. ഇബ്നു വഹാബിന്റെ തലതെറിച്ച വിശ്വാസങ്ങളോട് അവർക്കൊരിക്കലും യോജിക്കാനാകുമായിരുന്നില്ല. അതിന്റെ ഭീഷണമായ അപകടങ്ങളെക്കുറിച്ച് നജ്ദ് നിവാസികളെ അവർ ബോധവത്കരിക്കാൻ മുന്നിൽ നിന്നു. വഹാബിസത്തിന്റെ നിഷേധാത്മകതയെ അടയാളപ്പെടുത്താൻ വേണ്ടി സുലൈമാൻ ഒരു കൃതി തന്നെ രചിച്ചിട്ടുണ്ട്.

നജ്ദിനപ്പുറത്തേക്കുള്ള വഹാബിസത്തിന്റെ ഗമനം ആരംഭിക്കുന്നത് എഡി 1747ൽ സഊദി രാജകുടുംബവുമയി ഇബ്നു അബ്ദുൽവഹാബ് ബന്ധപ്പെട്ടു തുടങ്ങിയതോടെയാണ്. പ്രബലമായ ചരിത്രങ്ങളിലെ പരാമർശമനുസരിച്ച് ഇവരെ ഒന്നിപ്പിച്ചത് കൊളോണിയൽ മേധാവികളായ ബ്രിട്ടീഷുകാരാണ്. അതോടെ ചരിത്രത്തിൽ സമാനതയില്ലാത്ത, അതും മതവിശ്വാസത്തിന്റെ പേരിലുള്ള ഭീകരമായ കൊലപാതകങ്ങളുടെയും കലാപങ്ങളുടെയും അധ്യായം ആരംഭിക്കുകയായിരുന്നു അറബ് ലോകത്ത്.

വഹാബി-സഊദി കൂട്ടുകെട്ട് ത്വാഇഫിൽ സൃഷ്ടിച്ച ദുരന്തങ്ങളെ മാത്രം ഞാനടയാളപ്പെടുത്തുന്നു; മിലിട്ടന്റ് ഇസ്‌ലാമിന്റെ പ്രാകൃത ചരിത്രം വിശദീകരിക്കാൻ വേണ്ടി. തങ്ങളുടെ ഇംഗിതത്തിന് വഴങ്ങാത്തവരെ മുഴുവൻ അവർ കൊന്നുതള്ളി. കുട്ടികളും സ്ത്രീകളും വൃദ്ധന്മാരും ഇരകളാക്കപ്പെട്ടു. തൊട്ടിലിൽ കിടന്നുറങ്ങുന്ന പിഞ്ചുപൈതങ്ങളെപ്പോലും വെട്ടിനുറുക്കി വഹാബികൾ. ത്വാഇഫിന്റെ തെരുവുകളെല്ലാം രക്തപ്പുഴകളായിരുന്നു അന്ന്. ചകിതരായ ജനങ്ങൾ വീട്ടിൽനിന്ന് വെളിയിലേക്കിറങ്ങാതായി. അതോടെ ശവശരീരങ്ങൾ തെരുവിൽ കിടന്നു, അനേകം ദിവസങ്ങളോളം. ശവം തീനി കഴുകന്മാർ ഇത്രയധികം ആർത്താഘോഷിച്ച കാലം വേറെയുണ്ടാവില്ല. ഖുർആൻ പഠനകേന്ദ്ര

> നജ്ദിനപ്പുറത്തേക്കുള്ള വഹാബിസത്തിന്റെ ഗമനം ആരംഭിക്കുന്നത് എഡി 1747ൽ സഊദി രാജകുടുംബവുമയി ഇബ്നു അബ്ദുൽവഹാബ് ബന്ധപ്പെട്ടു തുടങ്ങിയതോടെയാണ്. പ്രബലമായ ചരിത്രങ്ങളിലെ പരാമർശമനുസരിച്ച് ഇവരെ ഒന്നിപ്പിച്ചത് കൊളോണിയൽ മേധാവികളായ ബ്രിട്ടീഷുകാരാണ്. അതോടെ ചരിത്രത്തിൽ സമാനതയില്ലാത്ത, അതും മതവിശ്വാസത്തിന്റെ പേരിലുള്ള ഭീകരമായ കൊലപാതകങ്ങളുടെയും കലാപങ്ങളുടെയും അധ്യായം ആരംഭിക്കുകയായിരുന്നു അറബ് ലോകത്ത്.

ങ്ങൾ അടിച്ചുനിരത്തി. എഴുന്നുനിൽക്കുന്ന മഖ്ബറകളായിരുന്നു അവരെ ഏറെ ആകർഷിച്ചത്. കാരണം അവ തകർക്കുന്നതോടൊപ്പം സമീപത്തെ ഭണ്ഡാരങ്ങളും കൊള്ളയടിക്കാമല്ലോ. രക്തപങ്കിലമായ ഈ പൈതൃകമാണ് വഹാബിസിരകളെ എക്കാലവും ഉന്മാദമാക്കുന്നത്.

**അഫ്ഗാനിലെ വഹാബി അധിനിവേശം**

അഫ്ഗാനിൽ വഹാബിസം ആധിപത്യമുറപ്പിച്ചതിന്റെ പിന്നാമ്പുറ കഥകളാണ് Perminant Jihad, The Shadow of Afganistan എന്ന അധ്യായത്തിൽ സ്റ്റീഫൻ പങ്കുവയ്ക്കുന്നത്. സൂഫി പാരമ്പര്യം നെഞ്ചേറ്റിയ മുസ്‌ലിംകളായിരുന്നു അഫ്ഗാനിസ്ഥാനിൽ മഹാഭൂരിപക്ഷം. എഴുപതുകളുടെ ആദ്യത്തിൽ മൗദൂദിയും സയ്യിദ് ഖുതുബും പ്രചരിപ്പിച്ച രാഷ്ട്രീയ സിദ്ധാന്തങ്ങൾ പതിയെപ്പതിയെ ഇവിടേക്ക് നുഴഞ്ഞുകയറാൻ തുടങ്ങി. പാരമ്പര്യത്തെ എതിർക്കുന്നതിൽ വഹാബികളെക്കാൾ ഒരുപടി മുന്നിൽ നിൽക്കുന്ന മൗദൂദികൾ ചെറിയ തോതിൽ സ്വാധീനമുറപ്പിക്കുമ്പോഴാണ് 1979ൽ അഫ്ഗാനിലേക്കുള്ള സോവിയറ്റ് അധിനിവേശം ആരംഭിക്കുന്നത്.

അഫ്ഗാനിലേക്കുള്ള കടന്നുവരവ് സോവിയറ്റ് റഷ്യയുടെ ചരിത്രത്തിലെ മഹാ അബദ്ധമായിരുന്നെങ്കിൽ അതേറ്റവുമധികം ഗുണകരമായത് രണ്ട് കൂട്ടർക്കാണ്. അമേരിക്കക്കും വഹാബികൾക്കും. റഷ്യൻ സാമ്രാജ്യത്വത്തിനെതിരെ സൂഫീ പാരമ്പര്യമുള്ള അഫ്ഗാൻ മുസ്‌ലിംകൾ തീവ്രമായി രംഗത്തുണ്ടായിരുന്നു. സ്വരാജ്യത്തിന് വേണ്ടിയുള്ള പോരാട്ടം വിശ്വാസത്തിന്റെ ഭാഗമാണെന്ന മതശാസനയുടെ പിൻബലത്തിലായിരുന്നു അവരുടെ ചെറുത്തുനിൽപ്പ്.

അമേരിക്കക്കും സഊദി വഹാബികൾക്കും അനേകം കുടില ലക്ഷ്യങ്ങളുണ്ടായിരുന്നു. അഫ്ഗാനിലെ സൂഫി പാരമ്പര്യത്തെ ശിഥിലമാക്കി പകരം വരണ്ട ഇസ്‌ലാമിനെ സ്ഥാപിക്കുക എന്നതായിരുന്നു വഹാബി മോഹമെങ്കിൽ സോവിയറ്റ് റഷ്യക്കെതിരെയുള്ള നീക്കം മുസ്‌ലിംകളെ കൂടെക്കൂട്ടി ദൃഢപ്പെടുത്തുക എന്നതായിരുന്നു അമേരിക്കൻ താൽപര്യം. കമ്യൂണിസം ചെയ്തതിനേക്കാൾ വലിയ നൃശംസതകൾകൊണ്ട് ചരിത്രത്തെ കറുപ്പിച്ച തങ്ങൾക്കൊപ്പം പാരമ്പര്യമുസ്‌ലിംകൾ ഒരിക്കലും കൂട്ടുകൂടില്ല എന്ന തിരിച്ചറിവ് കൊണ്ടുതന്നെ വഹാബികളെ സിഐഎ സമർഥമായി ഉപയോഗപ്പെടുത്തി. ആരംഭം മുതൽ സാമ്രാജ്യത്വത്തിന്റെ അരിക് ചേർന്ന് വളർന്ന വഹാബികൾക്ക് അമേരിക്കയുമായി യോജിക്കുന്നതിൽ യാതൊരു വൈമനസ്യമുണ്ടായിരുന്നില്ല.

പ്രശസ്ത മാധ്യമ പ്രവർത്തകനായ അഹ്മദ് റാഷിദ് അഫ്ഗാനിലേക്കുള്ള വഹാബി നുഴഞ്ഞുകയറ്റത്തെക്കുറിച്ച് കൃത്യമായി എഴുതിയിട്ടുണ്ട്. അബ്ദുല്ലാ അസാം എന്ന പാക് വഹാബിയാണ് അതിന് നേതൃത്വം നൽകിയത്. പാക്കിസ്ഥാനിൽ ജനിച്ച ഇയാൾ ഈജിപ്തിൽ സയ്യിദ് ഖുതുബിന്റെ ശിഷ്യനായിരുന്നു ആദ്യം. പിന്നീട് സഊദിയിൽ ചെന്ന് വഹാബി തീസീസുകൾ സ്വായത്തമാക്കി. തന്ത്രപരമായിരുന്നു അഫ്ഗാനിലേക്കുള്ള റിക്രൂട്ട്മെന്റ്. രക്തസാക്ഷികൾക്ക് മരണാനന്തരം ലഭിക്കുന്ന പ്രതിഫലത്തെക്കുറിച്ച് പറയുന്ന ഖുർആൻ ആയതുകൾ ഉപയോഗിച്ചായിരുന്നു ആളുകളെ ഇരകളാക്കിയത്. അൾജീരിയൻ പൗരനായിരുന്ന യാസീൻ ജസൈരിയുടെ സംഭവം മാത്രം മതി ഇപ്പറഞ്ഞതിന് തെളിവായിട്ട്. വിവാഹദിവസമാണ് അദ്ദേഹത്തെ അഫ്ഗാനിലേക്ക് നിർബന്ധപൂർവം കയറ്റി അയക്കുന്നത്. സോവിയറ്റ് ഭടന്മാരുമായുള്ള ഏറ്റുമുട്ടലിൽ അദ്ദേഹം കൊലചെയ്യപ്പെടുകയും ചെയ്തു. ആ സംഭവത്തെക്കുറിച്ച് താലിബാനിസ്റ്റുകൾ പറയുന്നതിങ്ങനെയാണ്: അല്ലാഹുവിന് വേണ്ടി നിണമൊഴുക്കി പാപം മുഴുവൻ കഴുകിക്കളഞ്ഞ ജസൈരി എത്ര ഭാഗ്യവാൻ. സ്വർഗത്തിൽ എഴുപത്തിരണ്ട് ഭാര്യമാരെ കിട്ടുമത്രെ അദ്ദേഹത്തിന്. അഫ്ഗാനിലേക്ക് പുറപ്പെടാൻ വിസമ്മതിച്ചവരെപ്പോലും രക്തസാക്ഷിത്വത്തിന്റെയും ജിഹാദിന്റെയും പ്രതിഫലത്തെക്കുറിച്ച് മോഹന വാഗ്ദാനങ്ങൾ നൽകി വഹാബികൾ വലയിലാക്കി. 'വിശുദ്ധ പടയാളികൾ' എന്നവർ സ്വയം വിശേഷിപ്പിച്ചു.

കാബൂളിലും പഷ്ത്തൂനിലുമായിരുന്നു വഹാബികൾ ആദ്യം ആധിപത്യമുറപ്പിച്ചത്. ബൈതുൽ അൻസാർ എന്നായിരുന്നു അബ്ദുല്ലാ അസാം തങ്ങളുടെ സംഘടനക്ക് പേരുവച്ചത്. കമ്യൂണിസത്തിനെതിരെയുള്ള പോരാട്ടത്തിന് അമേരിക്ക നൽകുന്ന ഉദാരമായ സഹായത്തെക്കുറിച്ച് അബ്ദുല്ല അസാം എപ്പോഴും പറയുമായിരുന്നു. എൻപതുകളിൽ അഫ്ഗാനിലെത്തിയ ബിൻലാദൻ അസാമിന്റെ ശിഷ്യനാണ്. 1989ൽ അസാം കൊല്ലപ്പെട്ടതോടെയാണ് ബിൻലാദൻ താലിബാന്റെ നേതൃനിരയിലെത്തുന്നത്.

കമ്യൂണിസ്റ്റ് അധിനിവേശത്തെ തരിപ്പണമാക്കിയതിനു പിന്നിൽ താലിബാൻ മാത്രമാണെന്ന മാധ്യമ പ്രചരണങ്ങളോട് സ്റ്റീഫൻ ശക്തമായി വിയോജിക്കുന്നു. അഫ്ഗാനിലെ പാരമ്പര്യമുസ്‌ലിംകൾ തുടക്കംതൊട്ടേ പോരാട്ടങ്ങളിൽ സജീവമായിരുന്നു. എന്നാൽ അമേരിക്കക്ക് വേണ്ടി കളത്തിലിറങ്ങിയ താലിബാന്റെ പ്രവർത്തനങ്ങൾ മാത്രമാണ് പടിഞ്ഞാറൻ മാധ്യമങ്ങളിൽ ഇടം പിടിച്ചത്. ഇക്കൂട്ടത്തിൽ ആധ്യാത്മിക ചിന്തകൾകൊണ്ട് അകം നിറച്ചിരുന്ന അഫ്ഗാനിലെ പരമ്പരാഗത മുസ്‌ലിംകൾക്ക് അവരുടെ ത്വരീഖതുകളും മഖ്ബറകളും സംരക്ഷിക്കേണ്ടതുമുണ്ടായിരുന്നു. വഹാബി ഭീകരരിൽനിന്ന്. അഥവാ ഒരേ സമയം രണ്ടു ജിഹാദ് അവർ നടത്തിയെന്നർഥം- സാമ്രാജ്യത്വത്തോടും വഹാബിസത്തോടും. (തുടരും)